## മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

**ജീവനക്കാര്യം: അസിസ്റ്റന്റ് തസ്തികയിൽ കാലിക്കറ്റ് സർവ്വകലാശാലയിലേയ്ക്ക് അന്തർ സർവ്വകലാശാല സ്ഥലംമാറ്റം - കാലിക്കറ്റ് സർവ്വകലാശാലയിലെ വിവിധ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള അസിസ്റ്റന്റുമാരെ സർവ്വകലാശാലയിൽ നിയമിക്കുന്നതു സംബന്ധിച്ച് - സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

ഭരണവിഭാഗം എ1 സെക്ഷൻ

നം. 5709/എ1/1/2017/ഭരണവിഭാഗം — തീയതി, പ്രിയദർശിനി ഹിൽസ്, 23.09.2017

സൂചന: 1. കാലിക്കറ്റ് സർവ്വകലാശാല രജിസ്ട്രാറുടെ 25.08.2017ലെ 113298/AD-A-ASST-2/Admn. നമ്പർ കത്ത്.

2. 16.09.2017ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് (ഇനം നമ്പർ O.A.7/17.12)

## ഉത്തരവ്

സൂചന (1) കത്ത് പ്രകാരം ഈ സർവ്വകലാശാലയിലേയ്ക്ക് അന്തർ സർവ്വകലാശാല സ്ഥലംമാറ്റം മുഖേന അസിസ്റ്റന്റ് തസ്തികയിലെ നിയമനത്തിനായി 40 പേരുടെ പട്ടിക ടി സർവ്വകലാശാല അയച്ചുനൽകിയിരുന്നു. ടി കത്തിൽ അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട് വിവിധ റിട്ട് ഹർജികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണെന്ന് സൂചിപ്പിച്ചിരുന്നു. അതിനെത്തുടർന്ന് ടി വിഷയം നിയമോപദേശത്തിന് അയയ്ക്കുകയും അതിൻപ്രകാരം കേരള ഹൈക്കോടതിയിൽ ടി ജീവനക്കാർക്കെതിരെ നിലനിൽക്കുന്ന കേസ്സുകളുടെ അന്തിമ വിധിക്ക് വിധേയമായി അവർക്ക് ഈ സർവ്വകലാശാലയിലേക്ക് മാറ്റം നൽകുവാൻ തടസ്സമില്ലാത്തതാണെന്ന് നിയമോപദേശം ലഭിക്കുകയും ചെയ്തു.

തുടർന്ന് ടി നിയമോപദേശം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ 15.09.2017ൽ വൈസ് ചാൻസിലർ ഉത്തരവാകുകയും സൂചന (2) ലെ 16.09.2017ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് (ഇനം നമ്പർ O.A.7/17.12) പ്രകാരം, അന്തർ സർവ്വകലാശാല സ്ഥലം മാറ്റ വ്യവസ്ഥയിൽ കാലിക്കറ്റ് സർവ്വകലാശാലയിലെ കേസ്സിൽ ഉൾപ്പെട്ട അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാരുമായി ബന്ധപ്പെട്ട് ഭാവിയിൽ മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് യാതൊരു വിധ ബാധ്യതകളും ഉണ്ടാവില്ലെന്ന സത്യവാങ്മൂലം തയ്യാറാക്കുന്നതിന് ലീഗൽ അഡ്വൈസറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. ഇപ്രകാരം സത്യവാങ്മൂലം സമർപ്പിക്കുന്ന അസിസ്റ്റന്റുമാർക്ക് കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്നും മഹാത്മാഗാന്ധി സർവ്വകലാശാലയിലേക്ക് അന്തർ സർവ്വകലാശാല സ്ഥലംമാറ്റം അനുവദിക്കുന്നതിനും തീരുമാനിച്ചു.

.....2

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ശ്രീലത എൻ.
അസിസ്റ്റന്റ് രജിസ്ട്രാർ-1 (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. വൈസ് ചാൻസിലറുടെ / പ്രോ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
2. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
3. അസിസ്റ്റന്റ് രജിസ്ട്രാർ / ഡെപ്യൂട്ടി രജിസ്ട്രാർ / ജോയിന്റ് രജിസ്ട്രാർ (ഭരണവിഭാഗം / പരീക്ഷാ വിഭാഗം / അക്കാദമികം / ധനകാര്യം)
4. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. യൂണിവേഴ്സിറ്റി
5. എസി.സി സെക്ഷൻ / ലീഗൽ സെക്ഷൻ
6. സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ് / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ / ഐ.ക്യൂ.എ.സി.
7. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

റഫറൻസ്: ഫയൽ നം. എഡി.എ1-1-197(2)/2017